CAREERINDIA

**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**OMR Sheet No. :** ............................................
(To be filled by the Candidate)

**Roll No.** | | | | | | | | |
(In figures as per admission card)

**Roll No.** ______________________
(In words)

**J 0 2 2 1 8**

**Time : 2 hours]**

# PAPER - II
# MALAYALAM

**[Maximum Marks : 200**

Number of Pages in this Booklet : **32**

Number of Questions in this Booklet : **100**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of hundred multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.
   **Example :** ① ② ● ④ where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry original question booklet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There are no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में सौ बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं। आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।
   **उदाहरण :** ① ② ● ④ जबकि (3) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं। यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें। हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका अपने साथ ले जा सकते हैं।
10. **केवल नीले/काले बाल प्वाईंट पेन का ही प्रयोग करें।**
11. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं।**

www.careerindia.com

CAREERINDIA

# മലയാളം
## MALAYALAM
## PAPER - II

**Note :** This paper contains **hundred (100)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **നൂറ്** **(100)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** **(2)** മാർക്കു വീതം. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. ഒമ്പതാം നൂറ്റാണ്ടു മുതൽ പതിമൂന്നാം നൂറ്റാണ്ടുവരെയുള്ള കേരളീയ ശാസനങ്ങൾ പഠിച്ച് അവയുടെ ഭാഷാപരമായ പ്രാധാന്യം വ്യക്തമാക്കിയ പണ്ഡിതൻ :
   (1) പി. ശങ്കരൻ നമ്പ്യാർ
   (2) എ.സി. ശേഖർ
   (3) ആറ്റൂർ കൃഷ്ണ പിഷാരടി
   (4) കെ.എം. പ്രഭാകരവാരിയർ

2. കേരളപാണിനി കരിന്തമിഴ് കാലഘട്ടം എന്നു വിശേഷിപ്പിച്ചത് :
   (1) ക്രിസ്തുവർഷം 825 മുതൽ 1325 വരെ
   (2) ക്രിസ്തുവർഷം 1325 മുതൽ 1625 വരെ
   (3) ക്രിസ്തുവർഷം 750 മുതൽ 900 വരെ
   (4) ക്രിസ്തുവർഷം 900 മുതൽ 1325 വരെ

3. ചേരും പടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ഉണ്ണിയച്ചീചരിതം | (i) | കടുമേനി |
| (b) | ഉണ്ണിയാടീചരിതം | (ii) | കടുത്തുരുത്തി |
| (c) | ഉണ്ണിച്ചിരുതേവീചരിതം | (iii) | മഹോദയപുരം |
| (d) | ഉണ്ണുനീലിസന്ദേശം | (iv) | തിരുമരുതൂർ |
| | | (v) | പന്നിയൂർ |

**കോഡുകൾ :**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (i) | (iii) | (iv) | (v) |
| (2) | (iv) | (iii) | (v) | (ii) |
| (3) | (iii) | (v) | (iv) | (i) |
| (4) | (ii) | (i) | (iii) | (iv) |

www.careerindia.com

CAREERINDIA

4. ലീലാതിലകകാരൻ കൂന്തൽവാദത്തിലൂടെ സ്ഥാപിക്കുന്നത് :

(1) മണിപ്രവാളത്തിൽ കേരളഭാഷയും സംസ്കൃതഭാഷയുമല്ലാതെ മറ്റൊന്നും ചേരുകയില്ലെന്ന് .

(2) കരിന്തമിഴും സംസ്കൃതവും ചേരുന്നതാണ് മണിപ്രവാളമെന്ന്.

(3) നായികാവർണ്ണനകളുള്ള കൃതികളേ മണിപ്രവാളമാകൂ എന്ന്.

(4) ചോള–പാണ്ഡ്യഭാഷകളുടെ മിശ്രണം മണിപ്രവാളത്തിൽ വേണമെന്ന്.

5. ഭാഷാനൈഷധം ചമ്പുവിന് 'പ്രാഞ്ജലി' എന്ന വ്യാഖ്യാനം രച്ചിച്ചത് :

(1) ഏ.ആർ. രാജരാജവർമ്മ (2) വടക്കുംകൂർ രാജരാജവർമ്മ

(3) പി.വി. കൃഷ്ണൻ നായർ (4) പാട്ടത്തിൽ പത്മനാഭമേനോൻ

6. **കാര്യം** : ഫോക്ലോറിന്റെ കാലനിർണയനം പ്രായേണ അസാധ്യമാണ്.

**കാരണം** : (a) വാമൊഴിവഴക്കമായതുകൊണ്ട്

(b) പാമരന്മാർ കൈകാര്യം ചെയ്യുന്നതുകൊണ്ട്

(c) വർത്തമാനകാലത്തിലും ഫോക്ലോർ രൂപപ്പെടുന്നതുകൊണ്ട്

(1) കാര്യം ശരി, കാരണം (a) ഉം (c) ഉം ശരി

(2) കാര്യം ശരി, കാരണം (b) ഉം (c) ഉം ശരി

(3) കാര്യം ശരി, കാരണം (c) മാത്രം ശരി

(4) കാര്യം ശരി, കാരണം (a) ഉം (b) ഉം (c) ഉം ശരി

7. 'മറുത്തുകളി' ഏത് നാടോടികലാനിർവഹണവുമായി ബന്ധപ്പെട്ടതാണ് ?

(1) വേലകളി (2) ചിമ്മാനക്കളി

(3) പൂരക്കളി (4) കണ്യാർകളി

8. നമ്പൂസരിയരനും നീലകേശിയും കഥാപാത്രങ്ങളാകുന്ന പാട്ടുകൃതി :

(1) രാമകഥാപ്പാട്ട് (2) മാവാരതം പാട്ട്

(3) ഉലകുടപെരുമാൾ പാട്ട് (4) പയ്യന്നൂർ പാട്ട്

www.careerindia.com

CAREERINDIA

9. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ 'കളകാഞ്ചി' വൃത്തത്തിൽ ഏതു കാണ്ഡം ?

(1) ബാലകാണ്ഡം (2) അയോദ്ധ്യാകാണ്ഡം

(3) സുന്ദരകാണ്ഡം (4) യുദ്ധകാണ്ഡം

10. 'പുതുമലയാണ്മതൻ മഹേശ്വര'നെന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ചത് :

(1) വള്ളത്തോൾ (2) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(3) എൻ. കൃഷ്ണപിള്ള (4) എം. ലീലാവതി

11. മലയാളഭാഷയ്ക്ക് എഴുത്തച്ഛന്റെ സംഭാവന :

(a) വായനക്കാരിൽ ഭക്തിയും ആദ്ധ്യാത്മിക മനോഭാവവും ഉണർത്തി

(b) മലയാള ലിപികളെ നിജപ്പെടുത്തി വ്യവസ്ഥീകരിച്ചു.

(c) വിവർത്തനത്തെ സർഗാത്മകമാക്കിക്കൊണ്ട് ഭാവാവിഷ്ക്കാരത്തിനു യോജിച്ച കാവ്യഭാഷ സൃഷ്ടിച്ചു.

(1) (a) ഉം (b) ഉം ശരി

(2) (b) ഉം (c) ഉം ശരി

(3) (a) ഉം (c) ഉം ശരി

(4) (a) ഉം (b) ഉം (c) ഉം ശരി

12. കൃഷ്ണഗാഥയുടെ പ്രചാരത്തിന്റെ കാരണങ്ങൾ :

(a) സംഭോഗശൃംഗാര വർണ്ണനകളുടെ ആധിക്യം.

(b) ലളിത സുന്ദര പദങ്ങളും അവക്രമായ അന്വയക്രമവും.

(c) പതഞ്ഞിഴഞ്ഞ ഗാനരീതിയും ഹൃദ്യകല്പനകളും

(d) വിശ്വമോഹനമായ കഥാവസ്തു.

(1) (a) ഉം (d) ഉം ശരി

(2) (a) ഉം (c) ഉം ശരി

(3) (d) മാത്രം ശരി

(4) (b) ഉം (c) ഉം (d) ഉം ശരി

www.careerindia.com

13. ചേരും പടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | 'മന്നാശയാലും മദനാശയാലും പൊന്നാശയാലും മറുകുന്നു ലോകം' | (i) | കുമാരഹരണം പാന |
| (b) | 'കുരച്ചിടുന്ന പട്ടിയൊരുനാളും കടിച്ചിടുകയില്ലെന്നറിഞ്ഞാലും' | (ii) | ജ്ഞാനപ്പാന |
| (c) | 'സാംഖ്യശാസ്ത്രങ്ങൾ യോഗങ്ങളെന്നിവ സംഖ്യയില്ലതു നിൽക്കട്ടെ' | (iii) | ബാലകൃഷ്ണസ്തോത്രം |
| (d) | 'കൃഷ്ണനാമം ജപിക്കുന്ന നേരത്ത-ങ്ങൊട്ടുകാണുന്ന ദന്തദ്യുതികളും അതുനേരത്തെവേഷം നിരൂപിച്ചാ-ലതിമോഹനമെന്നേ പറയാവൂ' | (iv) | ഭാഷാകർണ്ണാമൃതം |
| | | (v) | സന്താനഗോപാലം |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (iii) | (v) | (iv) |
| (2) | (iv) | (v) | (ii) | (i) |
| (3) | (v) | (ii) | (iii) | (iv) |
| (4) | (iii) | (i) | (v) | (ii) |

14. ''ക്ഷോണീന്ദ്രപത്നിയുടെ വാണിം നിശമ്യ പുന-രേണീവിലോചന നടുങ്ങീ'' – ഏതു കൃതിയിൽ ?

(1) ഇരയിമ്മൻ തമ്പിയുടെ കീചകവധത്തിൽ.

(2) കിളിമാനൂർ കോയിത്തമ്പുരാന്റെ രാവണവിജയത്തിൽ.

(3) അശ്വതി തിരുനാളിന്റെ രുക്മിണീസ്വയംവരത്തിൽ.

(4) കല്ലേക്കുളങ്ങരയുടെ രാവണോദ്ഭവത്തിൽ

15. **കാര്യം** : കളരിച്ചിട്ടകൾക്കും സാങ്കേതികപ്രയോഗങ്ങൾക്കും നിറയെ സ്ഥാനമുള്ള, 'കഥകളിത്തം' തികഞ്ഞ കഥകളോട് ഏറെ ആഭിമുഖ്യമുള്ള പലർക്കും നളചരിതത്തോട് താൽപര്യം കുറവാണ്.

**കാരണം** : (a) കെട്ടുപിണഞ്ഞു കിടക്കുന്ന ഒട്ടേറെ വികാരവിചാരങ്ങൾക്കു പ്രാധാന്യമുള്ള ഉത്തമ സാഹിത്യകൃതിയാണ് നളചരിതം.

(b) മറ്റ് ആട്ടക്കഥകളെപ്പോലെ 'കലാശങ്ങൾ'ക്കും 'എണ്ണ'ങ്ങൾക്കും നളചരിതത്തിൽ വലിയ പങ്കില്ല.

(c) നളചരിതം ഉത്തരകേരളത്തിൽ മാത്രമേ അവതരിപ്പിച്ചിട്ടുള്ളൂ.

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി

(3) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി

(4) **കാര്യം** ശരി; **കാരണം** (b) ഉം (c) ഉം ശരി

www.careerindia.com

CAREERINDIA

16. ''കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ
ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനി പാഞ്ചാലി ദേവനാരായണ!''
– ഈ വരികൾ ആരുടേത് ?

(1) ചെറുശ്ശേരി (2) കുഞ്ചൻനമ്പ്യാർ
(3) എഴുത്തച്ഛൻ (4) പൂന്താനം

17. 'വിഭക്തിയുണ്ടെന്നാകിൽ പഠിച്ചു പാടിക്കൊൾവിൻ' – എന്ന് കവി വായനക്കാരോട് പറയുന്നത് ഏതു കാവ്യത്തിൽ ?

(1) കുചേലവൃത്തം വഞ്ചിപ്പാട്ടിൽ
(2) ഗിരിജാകല്യാണത്തിൽ
(3) എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ
(4) ഹരിനാമകീർത്തനത്തിൽ

18. ''ഈ തുച്ഛമായ നിർബന്ധം അനുഭവത്തിൽ ആനയ്ക്ക് അങ്കുശം എന്നപോലെ, കവികൾക്ക് ഒരു വലിയ നിയന്ത്രണമായിട്ടാണ് കാണുന്നത്. ഈ വിധം പ്രാസവ്രതം അനുഷ്ഠിക്കുന്നതുകൊണ്ട് എന്തു പുണ്യമാണെന്ന് ഞാൻ അറിയുന്നില്ല.'' – ആരുടെ അഭിപ്രായം ?

(1) കെ.സി. കേശവപിള്ള (2) എ.ആർ. രാജരാജവർമ്മ
(3) കേരളവർമ്മ വലിയകോയിത്തമ്പുരാൻ (4) ഉള്ളൂർ

19. ചേരും പടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| (a) അഷ്ടമിയാത്ര | (i) പാലിയത്ത് ചെറിയകുഞ്ഞുണ്ണി അച്ചൻ |
| (b) കുംഭകോണയാത്ര | (ii) നടുവത്തച്ഛൻ |
| (c) രാമേശ്വരയാത്ര | (iii) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ |
| (d) കാശിയാത്ര | (iv) കുഞ്ഞുക്കുട്ടൻതമ്പുരാൻ |
| | (v) വെണ്മണി അച്ഛൻ |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (i) | (v) | (ii) |
| (2) | (ii) | (iii) | (v) | (i) |
| (3) | (iv) | (v) | (i) | (ii) |
| (4) | (v) | (i) | (iv) | (ii) |

www.careerindia.com

CAREERINDIA

20. കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന കവിമണ്ഡലം മലയാള കവിതയിൽ വരുത്തിയ പരിഷ്കാരങ്ങൾ :

(a) ഫലിത പരിഹാസങ്ങൾക്ക് പ്രാധാന്യം നല്കി.

(b) സംസ്കൃതവിവർത്തന കാവ്യങ്ങൾക്ക് പ്രചാരം നല്കി.

(c) സംസ്കൃതത്തിന്റെ കാഠിന്യത്തിൽനിന്ന് ഭാഷാശൈലിയെ പരിവർത്തിപ്പിച്ചു.

(d) സംസ്കൃതവൃത്തങ്ങളിൽ മാത്രം കാവ്യരചന നടത്തി.

(1) (a) ഉം (b) ഉം ശരി

(2) (a) ഉം (c) ഉം ശരി

(3) (a) ഉം (b) ഉം (c) ഉം ശരി

(4) (c) ഉം (d) ഉം ശരി

21. ഒരു രാത്രികൊണ്ട് നടക്കുന്ന സംഭവങ്ങൾ രാത്രിയെ നാല്യാമങ്ങളാക്കി വിഭജിച്ച് ഓരോ യാമത്തിലും കാമുകീകാമുകന്മാർക്കുണ്ടാകുന്ന പ്രണയത്തിന്റെ ഭിന്നാവസ്ഥകളുടെ വർണ്ണന. പ്രതിപാദ്യവിഷയം രാധാമാധവന്മാരുടെ പ്രണയം. ഏ.ആർ. രാജരാജവർമ്മയുടെ ഏതു കൃതി ?

(1) രാഗമുദ്രാ സപ്തകം
(2) വീണാഷ്ടകം
(3) വിടവിഭാവരി
(4) മലയവിലാസം

22. ഏ.ആറിന്റേതല്ലാത്ത മലയാള വിവർത്തനം :

(1) മാളവികാഗ്നിമിത്രം
(2) കുമാരസംഭവം
(3) മലയാളശാകുന്തളം
(4) വേണീസംഹാരം

23. കേരളപാണിനീയത്തിന് ആദ്യകാലത്ത് വിദ്യാവിനോദിനിയിൽ നിരൂപണങ്ങളും വിമർശനങ്ങളും എഴുതിയവർ :

(1) കാത്യായനനും കേരളവർമ്മവലിയകോയിത്തമ്പുരാനും

(2) പതഞ്ജലിയും കോവുണ്ണിനെടുങ്ങാടിയും

(3) കാത്യായനനും പതഞ്ജലിയും കെ. കൃഷ്ണമേനോനും

(4) പാച്ചു മൂത്തതും ജോർജ്മാത്തനും

24. ''വെളിച്ചം പൂർവ്വദിക്കിൽ നിന്നുമാത്രമല്ല; പശ്ചിമത്തിൽ നിന്നു വരുന്നതും ആശ്ചര്യം തന്നെ'';
– ഈ പ്രസ്താവന ഏത് ആദ്യകാല മാസികയുടെ പ്രഥമ ലക്കത്തിൽ ?

(1) രാജ്യസമാചാരം
(2) പശ്ചിമോദയം
(3) പശ്ചിമതാരക
(4) ജ്ഞാനനിക്ഷേപം

www.careerindia.com

CAREERINDIA

25. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | മൂഴിക്കളം ശാസനം | (i) | രാജശേഖരൻ |
| (b) | ചോക്കൂർ ശാസനം | (ii) | വീരകേരളവർമ്മ |
| (c) | കവിയൂർ ശാസനം | (iii) | ഇന്ദുക്കോതവർമ്മ |
| (d) | തിരുവല്ലാ ശാസനം | (iv) | കോതരവിവർമ്മ |
| | | (v) | വല്ലഭൻ കോത |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (iv) | (v) | (ii) |
| (2) | (v) | (i) | (iii) | (ii) |
| (3) | (iv) | (ii) | (i) | (iii) |
| (4) | (ii) | (iv) | (i) | (v) |

26. 'ഹരിശ്രീ മഹാഗണപതെ നമ' എന്നും 'നമശ്ശിവായ' എന്നും തുടങ്ങുന്ന രണ്ടു ശാസനങ്ങൾ :
   (1) എരമം – ചാലപ്പുറം ലിഖിതവും കൊടവലം ശാസനവും
   (2) ജൂതശാസനവും തരിസാപ്പള്ളിച്ചെപ്പേടും
   (3) നരയൻകണ്ണൂർശാസനവും താഴക്കാട് ശാസനവും
   (4) വീരരാഘവപ്പട്ടയവും വാഴപ്പള്ളി ശാസനവും

27. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | വേദതർക്കം | (i) | തോമാ കത്തനാർ |
| (b) | സംക്ഷേപവേദാർത്ഥം | (ii) | വാൻ റീഡ് |
| (c) | ഹോർത്തൂസ് മലബാറിക്കസ് | (iii) | അർണോസ് പാതിരി |
| (d) | ചതുരന്ത്യം | (iv) | യൗസേപ്പ് പാതിരി |
| | | (v) | ക്ലമന്റ് പാതിരി |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (iv) | (i) | (ii) |
| (2) | (iv) | (v) | (ii) | (iii) |
| (3) | (v) | (ii) | (i) | (iv) |
| (4) | (ii) | (i) | (iii) | (v) |

28. കാലഗണനയനുസരിച്ച് ശരിയായ ക്രമം :
   (1) ഭാഷാകൗടലീയം, ബ്രഹ്മാണ്ഡപുരാണം, ദൂതവാക്യം, അംബരീഷോപാഖ്യാനം.
   (2) ഭാഷാകൗടലീയം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം.
   (3) ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം.
   (4) ഭാഷാകൗടലീയം, ദൂതവാക്യം, അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം.

www.careerindia.com

CAREERINDIA

29. ചേരും പടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ആൽഫബെത്തം ഗ്രന്ഥാനിക്കോ മലബാറിക്കം സിവേ സംസ്കൃതോനിക്കം | (i) | റോബർട്ട് ഡ്രമണ്ട് |
| (b) | എ ഗ്രാമർ ഓഫ് ദ് മലയാളം ലാംഗ്വജ് | (ii) | ഫ്രോൺ മെയർ |
| (c) | ഔട്ട് ലൈൻസ് ഓഫ് എ ഗ്രാമർ ഓഫ് ദ് മലയാളം ലാംഗ്വജ് | (iii) | റവ.ജോസഫ് പീറ്റ് |
| (d) | എ പ്രോഗ്രസ്സീവ് ഗ്രാമർ ഓഫ് ദ് മലയാളം ലാംഗ്വജ് | (iv) | ക്ലമന്റ് പിയാനീയൂസ് |
| | | (v) | എഫ്. സ്പ്രിംഗ് |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (i) | (ii) | (iv) |
| (2) | (iv) | (i) | (ii) | (iii) |
| (3) | (v) | (ii) | (iii) | (i) |
| (4) | (iv) | (iii) | (v) | (ii) |

30. ''ആരെയും കൂസാത്തൊരൊറ്റയാൻ
നില്പൊഴുക്കുത്തിലെ പാറതന്നൂറ്റവും''
– ആര് ആരെക്കുറിച്ച് പറഞ്ഞതാണിത് ?

(1) ബാലചന്ദ്രൻ ചുള്ളിക്കാട് സച്ചിദാനന്ദനെപ്പറ്റി
(2) ആറ്റൂർ രവിവർമ്മ എം. ഗോവിന്ദനെപ്പറ്റി
(3) സച്ചിദാനന്ദൻ വൈലോപ്പിള്ളിയെപ്പറ്റി
(4) ആറ്റൂർ രവിവർമ്മ പി. കുഞ്ഞിരാമൻ നായരെപ്പറ്റി

31. **കാര്യം :** മഹാകാവ്യങ്ങളുടെ ചിട്ടയിൽ നിന്നു വിമുക്തനാകാൻ ഉള്ളൂരിനു പൂർണ്ണമായും കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

**കാരണം :** (a) ഏകാഗ്രതഭഞ്ജിക്കുന്ന സുദീർഘവർണ്ണനകൾ
(b) ഭാവഭംഗിയില്ലാത്ത അപ്രധാനാംശങ്ങളുടെ ധാരാളിത്തം
(c) ആവർത്തിച്ചുവരുന്ന നഗരാർണ്ണവശൈലവർണ്ണനകൾ

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി
(2) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി
(3) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി
(4) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം (c) ഉം ശരി

www.careerindia.com

CAREERINDIA

32. ചേരും പടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ''കാലമതിന്റെകനത്തകരംകൊണ്ടു ലീലയായൊന്നുപിടിച്ചുകുലുക്കിയാൽ പാടേ പതറിക്കൊഴിഞ്ഞുപോം....'' | (i) | ചങ്ങമ്പുഴ |
| (b) | ''ജന്മസിദ്ധമാംപദം പുണ്യലബ്ധ-മെന്നോർത്തു....'' | (ii) | വള്ളത്തോൾ |
| (c) | ''ചിതൽതിന്നജടയുടെ പനയോലക്കെട്ടാകെ ചിതയിലേക്കെറിയുവിൻ ചുട്ടെരിക്കിൻ'' | (iii) | ജി. ശങ്കരക്കുറുപ്പ് |
| (d) | ''ഹാ ! വിജിഗീഷു മൃത്യുവിന്നാമോ ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ'' | (iv) | പി. ഭാസ്കരൻ |
| | | (v) | വൈലോപ്പിള്ളി |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (ii) | (iii) | (iv) |
| (2) | (iv) | (iii) | (v) | (i) |
| (3) | (ii) | (iii) | (i) | (v) |
| (4) | (v) | (i) | (ii) | (iii) |

33 ''വേടൻ അമ്പുരയ്ക്കുന്നത്
എന്റെ ഹൃദയത്തിൽത്തന്നെയാണ്
എന്നിട്ടും മുനയുടെ മൂർച്ച എന്റെ കവിതയ്ക്കില്ല''
– എന്ന് പരിതപിച്ച കവി :

(1) സച്ചിദാനന്ദൻ
(2) ബാലചന്ദ്രൻ ചുള്ളിക്കാട്
(3) എ. അയ്യപ്പൻ
(4) കെ.ജി. ശങ്കരപ്പിള്ള

34. ചേരും പടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | വിമർശകന്റെ കാഴ്ചകൾ | (i) | വി.സി. ശ്രീജൻ |
| (b) | കവിതയുടെ ഗ്രാമങ്ങൾ | (ii) | പി.പി. രവീന്ദ്രൻ |
| (c) | അർത്ഥാന്തരന്യാസം | (iii) | ബാലചന്ദ്രൻ വടക്കേടത്ത് |
| (d) | ഇടപെടലുകൾ | (iv) | ഇ.പി. രാജഗോപാലൻ |
| | | (v) | ഇ.വി. രാമകൃഷ്ണൻ |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (i) | (ii) |
| (2) | (ii) | (i) | (iv) | (iii) |
| (3) | (i) | (ii) | (iii) | (iv) |
| (4) | (v) | (iii) | (iv) | (i) |

www.careerindia.com

CAREERINDIA

35. ചേരും പടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ജീവിതത്തിന്റെ അനശ്വരതയുടെയും അജയ്യതയുടെയും പ്രഖ്യാപനം | (i) | എനിക്കു മരണമില്ല |
| (b) | വ്യക്തിചിത്തത്തിന്റെ സമ്മോഹന സ്വപ്നങ്ങളുടെ മാസ്മരാകർഷണവും അത് വിധ്വംസകതയിലേക്ക് നീങ്ങു-മ്പോൾ നേരിടേണ്ടി വരുന്ന ദുരന്തവും | (ii) | ബുദ്ധനും ഞാനും നരിയും |
| (c) | പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം | (iii) | കന്നിക്കൊയ്ത്ത് |
| (d) | ഹിംസയും അഹിംസയും തമ്മിലുള്ള സംഘർഷം | (iv) | കുറ്റിപ്പുറം പാലം |
| | | (v) | സഹ്യന്റെ മകൻ |

കോഡുകൾ.

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (v) | (iv) | (ii) |
| (2) | (ii) | (iv) | (v) | (iii) |
| (3) | (i) | (iii) | (ii) | (v) |
| (4) | (v) | (i) | (iii) | (iv) |

36. സച്ചിദാനന്ദന്റെ സൂര്യന്മാർ ; ചേരും പടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | തരുണാരുണ ചഞ്ചലസൂര്യൻ | (i) | നാഡിയിൽ |
| (b) | നൃത്തം ചെയ്യും പേലവനീല സൂര്യൻ | (ii) | അസ്ഥിയിൽ |
| (c) | മഞ്ഞിത്തെളിയും മഞ്ഞസൂര്യൻ | (iii) | ചോരയിൽ |
| (d) | ശൂന്യതയുടെ ബന്ധം പാവിയ ശ്യാമള-സൂര്യൻ | (iv) | പ്രാണനിൽ |
| | | (v) | കണ്ണുകളിൽ |

കോഡുകൾ.

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (ii) | (v) | (iii) |
| (2) | (iii) | (v) | (ii) | (iv) |
| (3) | (v) | (iv) | (iii) | (ii) |
| (4) | (i) | (iii) | (iv) | (v) |

www.careerindia.com

CAREERINDIA

37. **കാര്യം :** കൃഷ്ണവാരിയരുടെ കവിതകളിലെ പ്രബലമായ അന്തർഭാവം സമൂഹ പ്രതി- ബദ്ധതയായിരുന്നു. വ്യക്തികേന്ദ്രിത സ്വപ്നാടനങ്ങൾക്ക് അതിലിടമില്ല.

**കാരണം :** (a) ശബ്ദസംഗീതവും വികാരസാന്ദ്രതയും തിളങ്ങിയ കാല്പനിക വിശ്വാസങ്ങളെ തിരുത്തുകയായിരുന്നു വാരിയരുടെ ലക്ഷ്യം.

(b) സ്വാതന്ത്ര്യപ്രസ്ഥാനത്തിലും അതോടൊപ്പം വളർന്നു വന്ന വിപ്ലവപ്രസ്ഥാ-നത്തിലും അദ്ദേഹത്തിന് ആഴത്തിൽ വേരുകളുണ്ട്.

(c) കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു കവി.

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി
(2) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി
(3) **കാര്യം** ശരി; **കാരണം** (b) ഉം (c) ഉം ശരി
(4) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി

38. മുണ്ടശ്ശേരിയുടെ 'മാറ്റൊലി' ഏതൊക്കെ കൃതികളുടെ വിമർശനമാണ് ?

(1) കരുണ – കണ്ണുനീർത്തുള്ളി – വാഴക്കുല
(2) ശിഷ്യനും മകനും – ദുരവസ്ഥ – കർണ്ണഭൂഷണം
(3) കൊച്ചുസീത – ചണ്ഡാലഭിക്ഷുകി – ഉമാകേരളം
(4) കരുണ – മഗ്ദലനമറിയം – പിംഗള

39. ഭാഷയിലെ മഹാകാവ്യങ്ങളെ നിരൂപണം ചെയ്യുമ്പോൾ "ഈ വക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള നെടുംകുതിരകെട്ടിയെടുപ്പാണ് ഓർമയിൽ വരുന്നത് " – എന്ന് വിമർശിച്ചത് :

(1) കുമാരനാശാൻ
(2) സി. അന്തപ്പായി
(3) സാഹിത്യപഞ്ചാനനൻ
(4) കുട്ടികൃഷ്ണമാരാർ

40. **കാര്യം :** മുണ്ടശ്ശേരി നിരൂപണത്തിൽ ഒരു നവഭാവുകത്വത്തിന് തുടക്കം കുറിച്ചു.

**കാരണം :** (a) ഗ്രന്ഥപാണ്ഡിത്യപുരസ്സൃതമായ രചനാവൈദഗ്ധ്യത്തെ വെല്ലുവിളിച്ചു.

(b) സംസ്കൃത സാഹിത്യസിദ്ധാന്തങ്ങളെ സംപൂർണ്ണമായി തിരസ്കരിച്ചു.

(c) സാഹിത്യത്തിന്റെ ഭാവസംവേദനക്ഷമതയെ ബഹുമാനിച്ചു.

(d) ഭാവരൂപങ്ങളുടെ പരസ്പര ലയത്തെ വ്യാഖ്യാനിച്ചു.

(1) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി
(2) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി
(3) **കാര്യം** ശരി; **കാരണം** (d) മാത്രം ശരി
(4) **കാര്യം** ശരി; **കാരണം** (a) ഉം (c) ഉം (d) ഉം ശരി

www.careerindia.com

CAREERINDIA

41. കുപ്പിച്ചില്ല്, കുറ്റിച്ചൂല്, ചിരട്ടക്കയിൽ, പഴത്തൊലി, പുല്ല് എന്നിങ്ങനെയുള്ള നിസ്സാര വിഷയ-ങ്ങളെക്കുറിച്ച് ലഘൂപന്യാസങ്ങളെഴുതി ആ സമാഹാരത്തിന് ചവറ്റുകുട്ട എന്ന് പേരിട്ടത് :
(1) പുത്തേഴത്ത് രാമൻ മേനോൻ (2) എം. ആർ. നായർ
(3) എം.ആർ. ബി (4) ഇ.എം. കോവൂർ

42. ''വെറുമൊരു സഞ്ചാരം. തിരുവനന്തപുരത്തുനിന്നും മദ്രാസ്, കോലാലമ്പൂർ, സിങ്കപ്പൂർ, പെർത്ത്, മെൽബൺ, മിനിപ്പ്, സിഡ്നി, ഈഡൻ എന്നിവിടങ്ങളിലെത്തി. .......... ഇംഗ്ലണ്ട്, ബൽജിയം, ഇറ്റലി, സ്വിറ്റ്സർലന്റ് എന്നിവിടങ്ങൾ താണ്ടി ബോംബെ വഴി മടങ്ങിയെത്തിയ ഒരു സാധാരണ യാത്രയുടെ കഥയാണിത്.'' – ഏത് സഞ്ചാരസാഹിത്യ കൃതി ?
(1) പൊറ്റക്കാടിന്റെ 'ബാലിദ്വീപ് '
(2) പി.ടി. ജോസഫിന്റെ 'കരയും കടലും താണ്ടി'
(3) വി.കെ. മാധവൻകുട്ടിയുടെ 'പത്രപ്രവർത്തനം എന്നയാത്ര'
(4) നിത്യചൈതന്യയതിയുടെ 'യാത്ര'

43. **ചേരും പടി ചേർക്കുക.**

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | വർത്തമാനപുസ്തകം | (i) | ബെന്യാമിൻ |
| (b) | ഇരട്ടമുഖമുള്ള നഗരം | (ii) | പാറമാക്കൽ തോമകത്തനാർ |
| (c) | കാളപ്പോരിന്റെ നാട്ടിൽ | (iii) | എം.കെ. രാമചന്ദ്രൻ |
| (d) | തപോഭൂമി ഉത്തരാഖണ്ഡ് | (iv) | കെ.ടി. രാമവർമ |
| | | (v) | സന്തോഷ് ജോർജ് കുളങ്ങര |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (i) | (iv) | (iii) |
| (2) | (i) | (iii) | (ii) | (iv) |
| (3) | (iii) | (iv) | (v) | (i) |
| (4) | (iv) | (v) | (ii) | (i) |

44. എസ്.കെ. പൊറ്റക്കാടിന്റേതല്ലാത്ത സഞ്ചാരസാഹിത്യ കൃതി :
(1) ബാലിദ്വീപ് (2) ലണ്ടൻ നോട്ട്ബുക്ക്
(3) ബിലാത്തിവിശേഷം (4) കാപ്പിരികളുടെ നാട്ടിൽ

45. ദ്രാവിഡധാതുക്കൾ മൗലികമായി ഏകാക്ഷരമാണ് എന്ന് നിരീക്ഷിച്ച പണ്ഡിതൻ :
(1) എല്ലിസ് (2) എമനോ (3) ബറോ (4) കാൾഡ്വൽ

46. അനുപ്രയോഗമല്ലാത്ത ധാതുവേത് ?
(1) കൊൾ (2) ഇട് (3) കള (4) വേവ്

www.careerindia.com

CAREERINDIA

47. **ചേരും പടി ചേർക്കുക.**

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | Intertexuality | (i) | ബ്ലൂംഫീൽഡ് |
| (b) | Competence and performance | (ii) | ദരീദ |
| (c) | Deconstruction and differance | (iii) | ജൂലിയക്രിസ്റ്റേവ |
| (d) | Utterance | (iv) | ചോംസ്കി |
| | | (v) | ബഖ്തിൻ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (v) | (ii) | (i) | (iii) |
| (2) | (i) | (ii) | (iii) | (iv) |
| (3) | (iii) | (iv) | (ii) | (v) |
| (4) | (v) | (ii) | (iv) | (iii) |

48. **കാര്യം :** ഇരുപതാം നൂറ്റാണ്ടിൽ പ്രചുരപ്രചാരം നേടിയ നിരവധി ഭാഷാശാസ്ത്ര വീക്ഷണങ്ങൾ പ്രായോഗികമാക്കാൻ ഗുണ്ടർട്ടിനു കഴിഞ്ഞു.

**കാരണം :** (a) നവവൈയാകരണന്മാർക്കു മുമ്പേതന്നെ വാമൊഴിയെ ഭാഷാപഠനത്തിനു-പയോഗിച്ചത് ഗുണ്ടർട്ടാണ്.

(b) വിവരണാത്മക ഭാഷാശാസ്ത്രത്തിലൂടെ ബ്ലൂംഫീൽഡും മറ്റും ആർജ്ജിച്ച വിവരണസൂക്ഷ്മത ഗുണ്ടർട്ടിന് നേരത്തെനേടാൻ കഴിഞ്ഞു.

(c) ഭാഷാഭേദാടിസ്ഥാനത്തിലുള്ള ഉപാദാനശേഖരണം ഗുണ്ടർട്ട് നടത്തിയിട്ടില്ല.

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി
(2) **കാര്യം** ശരി; **കാരണം** (b) മാത്രം ശരി
(3) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി
(4) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി

49. ലാങ്, പരോൾ എന്നീ സങ്കല്പനങ്ങൾ അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞൻ :
(1) നോം ചോസ്കി (2) ലിയോണിഡ് ബ്ലൂംഫീൽഡ്
(3) ഫെർഡിനാന്റ്ഡിസൊസ്യൂർ (4) ഡാനിയൽ ജോൺസ്

50. ആഗമികവ്യാകരണത്തിൽ പെടുന്നത് :
(1) കേരളപാണിനീയം (2) ലീലാതിലകം
(3) കേരളകൗമുദി (4) മലയാഴ്മയുടെ വ്യാകരണം

51. നിറപറയിൽ 'പ'കാരത്തിന് ഇരട്ടിപ്പു വരുന്നില്ല. കാരണം :
(1) അലുപ്തസമാസമായതിനാൽ (2) പൂർവപദം കേവലധാതു ആയതിനാൽ
(3) 'റ'കാരത്തിനുശേഷം വരുന്നതിനാൽ (4) ഉത്തരപദം കൃതികൃത്തായതിനാൽ

www.careerindia.com

CAREERINDIA

52. താഴെപ്പറയുന്നവയിൽ പരസവർണ്ണനത്തിന്റെ ഉദാഹരണം :

(1) മരം + ചാടി = മരഞ്ചാടി (2) ധനം + ആൽ = ധനത്താൽ

(3) വരും + അർ = വരുവർ (4) എല്ലാം + ഉം = എല്ലാവും

53. ''ഈ ഭാഷാഗദ്യം മനസ്സിലാക്കാൻ ഭാഷാശാസ്ത്രപാണ്ഡിത്യമോ പഴയപദങ്ങളെപ്പറ്റി അവഗാഹമോ പോലും വേണ്ട. സാധാരണക്കാരനും കാര്യം മനസ്സിലാക്കാൻ പ്രയാസമില്ലാത്ത ഈ 'എക്സ്പ്രഷൻ' ഭാഷാഗദ്യത്തിന് എങ്ങിനെയുണ്ടായി ? സുദീർഘമായ ഈ രേഖയുടെ സ്വഭാവവും പഠനാർഹമാണ്.''

– ഈ പ്രസ്താവം :

(1) എൻ. എം. നമ്പൂതിരി – 'സാമൂതിരി രേഖ'കളെപ്പറ്റി

(2) സ്കറിയ സക്കറിയ – 'തലശ്ശേരി രേഖ'കളെപ്പറ്റി

(3) എൻ. കൃഷ്ണപിള്ള – 'മതിലകം ഗ്രന്ഥവരി'യെപ്പറ്റി

(4) എം.ജി.എസ്. നാരായണൻ – 'വഞ്ഞേരി ഗ്രന്ഥവരി'യെപ്പറ്റി

54. 'നോംചോംസ്കി', 'ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം' എന്നീ ഗ്രന്ഥങ്ങൾ എഴുതിയവർ :

(1) കെ.എൻ. ആനന്ദും പി.എം. ഗിരീഷും

(2) വേണുഗോപാലപ്പണിക്കരും പ്രഭാകര വാരിയരും

(3) കെ.എൻ. ആനന്ദും വേണുഗോപാലപ്പണിക്കരും

(4) കെ.എൻ. ആനന്ദും ശാന്താ അഗസ്റ്റിനും

55. ഭൂതകാലാർത്ഥം കാണിക്കാത്ത 'പദം' ഏത് ?

(1) പിഴുതു (2) ഉഴുതു (3) പൊഴുതു (4) തൊഴുതു

56. താഴെപ്പറയുന്നവയിൽ തത്ഭവമല്ലാത്തതേത് ?

(1) ചാത്തം (2) പക്കം (3) ഇതം (4) ആനനം

57. താഴെ കൊടുത്തവയിൽ സ്ഥാനവിപര്യയ (Metathesis) ത്തിന് ഉദാഹരണം :

(1) തെച്ചി (2) അമ്മാവൻ (3) എണ്ണ (4) ഇരാമൻ

58. തൻവിനയെച്ചമല്ലാത്തത് :

(1) ചെയ്യെ (2) കേൾക്കവേ (3) കേൾക്ക (4) ചെയ്യവേ

www.careerindia.com

CAREERINDIA

59. രൂഢി, യോഗം, യോഗരൂഢി എന്നിവ ഏതിനോട് ബന്ധപ്പെട്ടത് ?

(1) ഔചിത്യം (2) വക്രോക്തി (3) അഭിധാ (4) രീതി

60. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ശബ്ദാർത്ഥൗ സഹിതൗകാവ്യം | (i) | രുദ്രടൻ |
| (b) | ശബ്ദാർത്ഥൗ സഹിതൗ വക്രകവി വ്യാപാരശാലിനി ബന്ധേവ്യവസ്ഥിതൗ കാവ്യം | (ii) | ഹേമചന്ദ്രൻ |
| (c) | അദോഷൗസഹിതൗ സാലങ്കാരൗച ശബ്ദാർത്ഥൗ കാവ്യം | (iii) | കുന്തകൻ |
| (d) | ശബ്ദാർത്ഥൗകാവ്യം | (iv) | ഭാമഹൻ |
| | | (v) | മമ്മടൻ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (iii) | (i) | (v) |
| (2) | (iv) | (iii) | (ii) | (i) |
| (3) | (iv) | (i) | (iii) | (ii) |
| (4) | (v) | (ii) | (iv) | (i) |

61. ക്രൗഞ്ചദ്വന്ദ്വവിയോഗോത്ഥ
ശോകഃ ശ്ലോകത്വമാഗതഃ
– ഈ വരികൾ ഏതു കൃതിയിലേത് ?

(1) വാല്മീകിരാമായണം (2) ധ്വന്യാലോകം

(3) ഉത്തരരാമചരിതം (4) രഘുവംശം

www.careerindia.com

CAREERINDIA

62. **കാര്യം :** 'ചാക്ഷുഷയജ്ഞ'മായ നാട്യത്തിന്റെ വിശകലനത്തിൽ ഭരതനെ നയിച്ചത് പെർഫോർമൻസിന്റെയും സ്റ്റേജിന്റെയും അനന്തമായ സാദ്ധ്യതകളാണ്.

**കാരണം :** (a) അവസ്ഥയുടെ അനുകരണം എന്നാണല്ലോ നാട്യസങ്കല്പം.

(b) അനുഭാവങ്ങൾ ഹൃദയഭാവങ്ങളുടെ ബാഹ്യപ്രകടനങ്ങളും അതേ സമയം അഭിനയപ്രകാരങ്ങളുമാണ്.

(c) ചിത്തഭാവങ്ങൾ ചതുർവിധാഭിനയങ്ങളിലൂടെ സഹൃദയനിൽ പ്രതിഫലിക്കുന്നുവെന്ന് ഭരതൻ.

(d) ഭരതന്റെ പദ്ധതിയിൽ കാവ്യചിന്തയ്ക്ക് ഇടമില്ല.

(1) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം (c) ഉം ശരി.

(2) **കാര്യം** ശരി; **കാരണം** (b) ഉം (d) ഉം ശരി.

(3) **കാര്യം** ശരി; **കാരണം** (a) ഉം (d) ഉം ശരി.

(4) **കാര്യം** ശരി; **കാരണം** (c) ഉം (d) ഉം മാത്രം ശരി.

63. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | അർത്ഥത്തിന്റെ അനന്തമായ സ്ഥാനാന്തരീകരണമാണ് (Displacement) എഴുത്ത് | (i) | എലയിൻഷോവാൾട്ടർ |
| (b) | വ്യവഹാരങ്ങൾ (Discourses) ചിഹ്നങ്ങളാൽ (Signs) നിർമ്മിതമാണ്. | (ii) | ഹാരോൾഡ് ബ്ലൂം |
| (c) | ഭാഷാവ്യവസ്ഥയ്ക്ക് സദൃശമാണ് സംസ്കാരരംഗത്തെ വ്യവസ്ഥകൾ. | (iii) | ദറിദ |
| (d) | ഏതു കവിതയും ഒരു കാവ്യാന്തരമാണ് (Inter Poem). ഏതു വായനയും ഒരു പാരായണാന്തരമാണ് (Inter Reading) | (iv) | ക്ലോദ്‌ലവിസ്ട്രോസ് |
| | | (v) | ഫൂക്കോ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (v) | (i) | (iii) |
| (2) | (v) | (iii) | (ii) | (i) |
| (3) | (iii) | (v) | (iv) | (ii) |
| (4) | (ii) | (iv) | (v) | (iii) |

www.careerindia.com

CAREERINDIA

64. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകമെന്ന് അഥവാ ഉത്തമമായ രാഷ്ട്രീയനാടകമെന്ന് സി.ജെ. തോമസ് വിശേഷിപ്പിച്ചത് :

(1) പാട്ടബാക്കി

(2) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി

(3) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

(4) നീ മനുഷ്യനെ കൊല്ലരുത്

65. 'കമ്മ്യൂണിസ്റ്റ് ടൈപ്പു'കളെ കഥാപാത്രങ്ങളാക്കി എന്നും, പ്രണയത്തിന്റെ ദുർബലമായ അതിഭാവുകത്വമുണ്ട് എന്നും, പ്രത്യയശാസ്ത്രത്തിന്റെ അതിലളിതവൽക്കരണമുണ്ട് എന്നും, ഇ.എം.എസ്സും ഉണ്ണിരാജയും ചൂണ്ടിക്കാട്ടിയ നാടകം :

(1) പാട്ടബാക്കി

(2) കൂട്ടുകൃഷി

(3) നിങ്ങൾ ആരെ കമ്മ്യൂണിസ്റ്റാക്കി

(4) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി

66. ശ്രീരമണയുടെ 'മിഥുനം' എന്ന അന്യഭാഷാകഥയിൽ നിന്ന് എം.ടി. രൂപപ്പെടുത്തിയ തിരക്കഥ :

(1) കടവ് (2) ഒരു ചെറുപുഞ്ചിരി

(3) സദയം (4) നിർമ്മാല്യം

67. "തിരക്കഥ എന്നത് സിനിമയിൽ ഒരു പ്രത്യേക ഘടകമല്ല. അയഞ്ഞ ഒരു സ്ക്രിപ്റ്റുമായാണ് ഞാൻ ചലച്ചിത്രരചന നടത്താറ് ". – ആരുടെ പ്രസ്താവന :

(1) അടൂർ ഗോപാലകൃഷ്ണൻ (2) കെ.പി. കുമാരൻ

(3) ഷാജി എൻ കരുൺ (4) അരവിന്ദൻ

68. അടൂർതിരക്കഥകളുടെ ശരിയായ ക്രമം :

(1) മുഖാമുഖം – എലിപ്പത്തായം – കൊടിയേറ്റം – സ്വയംവരം

(2) എലിപ്പത്തായം – കൊടിയേറ്റം – മുഖാമുഖം – സ്വയംവരം

(3) കൊടിയേറ്റം – മുഖാമുഖം – സ്വയംവരം – എലിപ്പത്തായം

(4) സ്വയംവരം – കൊടിയേറ്റം – എലിപ്പത്തായം – മുഖാമുഖം

www.careerindia.com

CAREERINDIA

69. എഴുപതുകളിൽ കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങൾ നയിച്ചസമരങ്ങളുടെ ചരിത്ര പശ്ചാത്തലത്തിലൂന്നി ഒരു വ്യക്തിയുടെ ദാരുണദുരന്തം അയാളുടെ സുഹൃത്തുക്കളുടെ ഓർമയിലൂടെ അനാവരണം ചെയ്യുന്ന ജോൺ ഏബ്രഹാമിന്റെ ചലച്ചിത്രം :

(1) ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ (2) അഗ്രഹാരത്തിൽ കഴുതൈ

(3) അമ്മ അറിയാൻ (4) വിദ്യാർത്ഥികളേ ഇതിലേ ഇതിലേ

70. **കാര്യം :** മലയാളനാടകചരിത്രത്തിൽ കൃഷ്ണപിള്ളയ്ക്കോ, സി.ജെ. തോമസ്സിനൊ, ശ്രീകണ്ഠൻ നായർക്കൊ ഉള്ള സ്ഥാനം എൻ.എൻ. പിള്ളയ്ക്കില്ല. എന്നാൽ പിള്ള ആവിഷ്ക്കരിച്ച നാടകരീതി വ്യത്യസ്തവും ശ്രദ്ധേയവുമായിരുന്നു.

**കാരണം :** (a) അങ്കങ്ങളുടെ എണ്ണക്കുറച്ചിലും അവയുടെ കുറഞ്ഞ ദൈർഘ്യവും.

(b) അത്യാകർഷകമായ ഉക്തിവൈചിത്ര്യം ഉപയോഗിച്ചുള്ള സാമൂഹിക വിമർശനം.

(c) സംഭാഷണങ്ങളുടെ സർവപ്രാധാന്യം.

(d) പാട്ട്, നൃത്തം, രംഗവിധാനങ്ങൾ തുടങ്ങിയവയുടെ വർദ്ധിച്ച ഉപയോഗം.

(1) **കാര്യം** ശരി; **കാരണം** (a) ഉം (d) ഉം ശരി.

(2) **കാര്യം** ശരി; **കാരണം** (b) മാത്രം ശരി.

(3) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി.

(4) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം (c) ഉം ശരി.

71. പാട്ടുപരിഷകളും ആട്ടപ്പണ്ടാരങ്ങളും കഥാപാത്രങ്ങൾ. ദേശത്തുടയോന്റെ മകൻ വടിവേലവന് ഇരട്ടക്കണ്ണൻ പക്കിയുടെ മകൾ ചിത്തിരപ്പെണ്ണിനോട് അനുരാഗം. ഈ സൂചനകൾ കാവാലത്തിന്റെ ഏതു നാടകത്തിനു ചേരും ?

(1) സാക്ഷി (2) ദൈവത്താർ

(3) അവനവൻ കടമ്പ (4) തിരുവാഴിത്താൻ

www.careerindia.com

CAREERINDIA

72. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | അബൂബേക്കറും ആയിഷയും | (i) | പുതിയ ആകാശം പുതിയ ഭൂമി |
| (b) | ഖാലിദും പാത്തേയിയും | (ii) | പാട്ടബാക്കി |
| (c) | കിട്ടുണ്ണിയും കുഞ്ഞിമാളുവും | (iii) | മന്വന്തരം |
| (d) | സുകുമാരനും ഉഷയും | (iv) | ഇതുഭൂമിയാണ് |
| | | (v) | കൂട്ടുകൃഷി |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (ii) | (i) | (v) |
| (2) | (i) | (iv) | (v) | (ii) |
| (3) | (v) | (iv) | (ii) | (i) |
| (4) | (i) | (ii) | (iv) | (v) |

73. ശരിയായ ക്രമമേത് ?

(1) ഇന്ദുലേഖ – മാർത്താണ്ഡവർമ്മ – അക്ബർ – ധർമ്മരാജാ

(2) ഇന്ദുലേഖ – അക്ബർ – മാർത്താണ്ഡവർമ്മ – ധർമ്മരാജാ

(3) ഇന്ദുലേഖ – ധർമ്മരാജാ – അക്ബർ – മാർത്താണ്ഡവർമ്മ

(4) ഇന്ദുലേഖ – അക്ബർ – ധർമ്മരാജാ – മാർത്താണ്ഡവർമ

74. സാറാജോസഫിന്റേതല്ലാത്ത നോവൽ :

(1) മാറ്റാത്തി (2) ഊരുകാവൽ

(3) ഒതപ്പ് (4) ഇതിഹാസത്തിന്റെ ഇതളുകൾ

75. **കാര്യം :** ആനന്ദിന്റെ ദർശനബോധം അതിന്റെ ആവിഷ്കരണം കണ്ടെത്തുന്നത് ഭാഷയുടെ സ്വരസവിശേഷതയിലാണ്.

**കാരണം :** (a) കഥാപാത്രങ്ങളുടെ യാചനാനിർഭരമായ വചനങ്ങളും ആശങ്കകളുടെ വർദ്ധിച്ച സ്വരവിന്യാസവും

(b) 'ദുർവിധി', 'വിധി', 'ദയനീയാവസ്ഥ'തുടങ്ങിയ വാക്കുകളുടെ ആവർത്തനം

(c) ഭാരതീയ ദർശനങ്ങളുടെ അധികമായ ഉദ്ധരണങ്ങൾ.

(1) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി

(2) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി

(3) **കാര്യം** ശരി; **കാരണം** (b) ഉം (c) ഉം ശരി

(4) **കാര്യം** ശരി; **കാരണം** (a) ഉം (b) ഉം ശരി

www.careerindia.com

CAREERINDIA

76. **നോവലുകളുടെ തുടക്കം – ചേരും പടി ചേർക്കുക.**

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ഇതു ചരിത്രമല്ല. കേട്ടുകേൾവികളും കെട്ടുകഥകളും നുണകളും ചേർത്ത് ഒരു കഥപൊലിപ്പിച്ചെടുക്കാനുള്ള ശ്രമം മാത്രം. | (i) | അർദ്ധനാരീശ്വരൻ |
| (b) | അച്ഛൻ അവനെ അപ്പുവെന്നു വിളിച്ചു. അമ്മ കുട്ടനെന്നു വിളിച്ചു. നാട്ടുകാർ അപ്പുക്കുട്ടനെന്നും. | (ii) | ആണ്ടാൾ എന്ന ദേവനായകി |
| (c) | ബത്തയിലെ ചെറിയ പോലീസ് സ്റ്റേഷനു മുന്നിൽ ഞാനും ഹമീദും തോറ്റവരെപ്പോലെ കുറേനേരം നിന്നു. | (iii) | കേശവന്റെ വിലാപങ്ങൾ |
| (d) | പൂവരശു മരം നിറയെ ഇലകളായിരുന്നു. നിങ്ങൾ അടുത്തുചെന്നു നോക്കിയാൽ കാണാം. വാപിളർന്നു നിൽക്കുന്നമഞ്ഞപ്പൂക്കൾ | (iv) | ഫ്രാൻസിസ് ഇട്ടിക്കോര |
| | | (v) | ആടുജീവിതം |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (i) |
| (2) | (v) | (ii) | (iv) | (iii) |
| (3) | (ii) | (i) | (v) | (iv) |
| (4) | (i) | (iv) | (iii) | (ii) |

77. **ചേരും പടി ചേർക്കുക.**

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | മേനോക്കിയെ കൊന്നതാരാണ് | (i) | സി.എസ്. ഗോപാലപ്പണിക്കർ |
| (b) | ഒരു മുതല നായാട്ട് | (ii) | വേങ്ങയിൽ കുഞ്ഞിരാമൻ നായർ |
| (c) | കല്യാണിക്കുട്ടി | (iii) | മൂർക്കോത്ത് കുമാരൻ |
| (d) | കാസിമിന്റെ ചെരിപ്പ് | (iv) | ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ |
| | | (v) | സരസ്വതിയമ്മ |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (ii) | (i) | (iv) | (iii) |
| (2) | (iii) | (iv) | (i) | (ii) |
| (3) | (iv) | (ii) | (iii) | (v) |
| (4) | (v) | (iv) | (ii) | (i) |

www.careerindia.com

CAREERINDIA

78. എം. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത് ' എന്ന നാടകം പ്രമേയമാക്കുന്നത് :

(1) ജാതിസംഘർഷം (2) രാഷ്ട്രീയവിദ്വേഷം
(3) യുദ്ധക്കെടുതി (4) പ്രാദേശിക സംഘർഷം

79. **ചേരും പടി ചേർക്കുക.**

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| (a) ചെറുശ്ശേരി | (i) പ്രേമാമൃതം |
| (b) രാമൻമേനോൻ | (ii) പുല്ലേലികുഞ്ചു |
| (c) മറിയം | (iii) ശാരദ |
| (d) കോൽപോട്ട്യാർ | (iv) ഇന്ദുലേഖ |
| | (v) ഘാതകവധം |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (ii) |
| (2) | (ii) | (v) | (iii) | (iv) |
| (3) | (v) | (ii) | (iv) | (i) |
| (4) | (i) | (v) | (ii) | (iii) |

80. **ചേരും പടി ചേർക്കുക.**

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| (a) ഉമ്പിച്ചി | (i) മാറ്റാത്തി |
| (b) ലൂസി | (ii) ഗോവർധന്റെ യാത്രകൾ |
| (c) വസുന്ധര | (iii) മരക്കാപ്പിലെതെയ്യങ്ങൾ |
| (d) ചേതനമല്ലിക് | (iv) ആരാച്ചാർ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (iii) | (v) | (i) |
| (2) | (iii) | (i) | (iv) | (v) |
| (3) | (iv) | (v) | (i) | (iii) |
| (4) | (v) | (iii) | (i) | (iv) |

81. സ്ഥാപനവർഷമനുസരിച്ച് ശരിയായ ക്രമം :

(1) കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള കലാമണ്ഡലം.
(2) കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി.
(3) കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള കലാമണ്ഡലം.
(4) കേരള സാഹിത്യ അക്കാദമി, കേരള കലാമണ്ഡലം, കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി.

www.careerindia.com

82. ''എന്റെ ജീവചരിത്രമെഴുതാൻ യാതൊരു വിഷമവുമില്ല. കാലത്തു കുളിച്ചു, കാപ്പി കഴിച്ചു, ഉണ്ടു, എടനേരം കാപ്പി കുടിച്ചു. അത്താഴമുണ്ടു, ഉറങ്ങി. ഇപ്പോൾ ഒരു ദിവസത്തെ ചരിത്രം മുഴുവനുമായി. പിന്നെ തിയതി മാറ്റി വെയ്ക്കുകയും 'ടി' എന്ന് എഴുതുകയും ചെയ്താൽ പിറ്റേ ദിവസത്തെ ചരിത്രമായി'' – ഇങ്ങനെ തുടങ്ങുന്ന ആത്മകഥ :

(1) ലളിതാംബിക അന്തർജ്ജനത്തിന്റെ 'ആത്മകഥയ്ക്ക് ഒരാമുഖം'

(2) സി. കേശവന്റെ 'ജീവിത സമരം'

(3) പാച്ചു മൂത്തതിന്റെ 'ആത്മകഥാ സംഗ്രഹം'

(4) കാണിപ്പയ്യൂരിന്റെ 'എന്റെ സ്മരണകൾ'

83. **ചേരും പടി ചേർക്കുക.**

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | ജ്വാല | (i) | വി.ജി. തമ്പി |
| (b) | കേരള കവിത | (ii) | സച്ചിദാനന്ദൻ |
| (c) | സമീക്ഷ | (iii) | അയ്യപ്പപ്പണിക്കർ |
| (d) | രസന | (iv) | എ. അയ്യപ്പൻ |
| | | (v) | എം. ഗോവിന്ദൻ |

**കോഡുകൾ.**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (ii) | (iii) | (i) |
| (2) | (iv) | (iii) | (ii) | (v) |
| (3) | (iii) | (i) | (iv) | (ii) |
| (4) | (ii) | (iii) | (v) | (i) |

84. സെന്റ്തോമസ് സ്ഥാപിച്ചത് എന്ന് വിശ്വസിക്കുന്ന പള്ളികളിൽ പെടാത്തത് :

(1) പാലയൂർ പള്ളി (2) പറവൂർ പള്ളി (3) എടത്വാപള്ളി (4) നിരണം പള്ളി

85. 'മടലേറൽ' എന്നത് :

(1) പഴയ ശിക്ഷാ സമ്പ്രദായം

(2) ഏകപക്ഷീയമായപ്രണയം പ്രകടിപ്പിക്കുന്ന രീതി

(3) കുട്ടികളുടെ കളികളിലൊന്ന്

(4) കുടിപ്പകതീർക്കാനുള്ള മാർഗം

86. ജൈനസംസ്കാരത്തിന്റെ ശേഷിപ്പുകൾ കാണുന്ന കേരളത്തിലെ സ്ഥലം :

(1) പരുവാശ്ശേരി (2) മൂഴിക്കളം (3) പന്നിയൂര് (4) തൃച്ചംബരം

CAREERINDIA

87. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | കയ്യൂർ സമരം | (i) | മാവേലിമൻറം |
| (b) | പട്ടാളജീവിതം | (ii) | ചിരസ്മരണ |
| (c) | അധ്യാപകപ്രസ്ഥാനം | (iii) | എ മൈനസ് ബി |
| (d) | ആദിവാസിജീവിതം | (iv) | മുത്തശ്ശി |
| | | (v) | ഗുഹാജീവികൾ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (iv) | (ii) | (v) |
| (2) | (ii) | (iii) | (iv) | (i) |
| (3) | (iv) | (ii) | (i) | (iii) |
| (4) | (v) | (ii) | (iii) | (iv) |

88. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | സമത്വസമാജം | (i) | സഹോദരൻ അയ്യപ്പൻ |
| (b) | പ്രത്യക്ഷരക്ഷദൈവസഭ | (ii) | അയ്യങ്കാളി |
| (c) | വാലസമുദായപരിഷ്കരണിസഭ | (iii) | വൈകുണ്ഠസ്വാമികൾ |
| (d) | സാധുജനപരിപാലനസംഘം | (iv) | പൊയ്കയിൽ യോഹന്നാൻ |
| | | (v) | കെ.പി. കറുപ്പൻ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (iv) | (v) | (ii) |
| (2) | (ii) | (v) | (i) | (iv) |
| (3) | (iv) | (ii) | (v) | (i) |
| (4) | (ii) | (iv) | (iii) | (i) |

89. സുലളിതപദവിന്യാസാ
രുചിരാലങ്കാരശാലിനീമധുരാ
മൃദുലാപി ഗഹനഭാവാ
– കോട്ടയത്തുതമ്പുരാൻ വർണ്ണിക്കുന്നത് ആരെ ?

(1) ദമയന്തി (2) രംഭ (3) ഉർവ്വശി (4) പാഞ്ചാലി

90. തിരുനിഴൽമാലയുടെ പ്രമേയം :

(1) അമ്പലപ്പുഴ ക്ഷേത്രമാഹാത്മ്യം (2) ഏറ്റുമാനൂർ ക്ഷേത്രമാഹാത്മ്യം
(3) പദ്മനാഭസ്വാമിക്ഷേത്ര മാഹാത്മ്യം (4) ആറൻമുളയപ്പന്റെ മാഹാത്മ്യം

91. 'കുഴിക്കാട്ടുപച്ച'യിലെ പ്രമേയം ഏതു വിഭാഗവുമായി ബന്ധപ്പെട്ടതാണ് ?

(1) തന്ത്രശാസ്ത്രം (2) വൈദ്യശാസ്ത്രം (3) നാട്യശാസ്ത്രം (4) ജ്യോതിശ്ശാസ്ത്രം

www.careerindia.com

CAREERINDIA

92. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | മുഹിയുദ്ദീൻ മാല | (i) | കുഞ്ഞായിൻ മുസ്ല്യാർ |
| (b) | ബദർ മാല | (ii) | കുഞ്ഞിക്കോയത്തങ്ങൾ |
| (c) | നസീഹത്തു മാല | (iii) | മമ്പാട്ട് കുഞ്ഞിരായിൻ |
| (d) | നൂൽ മദ് ഹ് | (iv) | ഖാസി മുഹമ്മദ് |
| | | (v) | നാലകത്തു കുഞ്ഞിമൊയ്തീൻ |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (ii) | (i) |
| (2) | (i) | (ii) | (iii) | (iv) |
| (3) | (ii) | (iv) | (v) | (iii) |
| (4) | (iii) | (i) | (iv) | (v) |

93. **ചേരും പടി ചേർക്കുക.**

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | രാമചന്ദ്രവിലാസം | (i) | കൊച്ചുണ്ണിത്തമ്പുരാൻ |
| (b) | രുഗ്മാംഗദ ചരിതം | (ii) | കെ.വി. സൈമൺ |
| (c) | ശ്രീയേശു വിജയം | (iii) | പന്തളം കേരളവർമ്മ |
| (d) | വേദവിഹാരം | (iv) | അഴകത്തു പദ്മനാഭക്കുറുപ്പ് |
| | | (v) | കട്ടക്കയം |

**കോഡുകൾ.**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (i) | (iv) | (ii) | (iii) |
| (2) | (iii) | (i) | (iv) | (v) |
| (3) | (ii) | (iv) | (v) | (i) |
| (4) | (iv) | (iii) | (v) | (ii) |

www.careerindia.com

CAREERINDIA

94. **കാര്യം :** സമുദായത്തിന്റെസന്മാർഗ്ഗ ജീവിതം അധഃപതിച്ച ഒരു കാലഘട്ടത്തെയാണ് ഉണ്ണുനീലിയും കൗണോത്തരയും മാരലേഖാ മലർബാണകേളിയും, ലീലാതിലകത്തിൽഉദ്ധരിച്ചിട്ടുള്ള ഒട്ടുവളരെ പദ്യങ്ങളും പ്രതിനിധാനം ചെയ്യുന്നത് എന്ന ഇളംകുളത്തിന്റെ വാദം യുക്തിക്കു നിരക്കുന്നില്ല.

**കാരണം :** (a) പ്രാചീനമണിപ്രവാളങ്ങളുടെ കാലഗണനയിൽ ഇളംകുളത്തിനു തെറ്റുപറ്റി.

(b) പ്രാചീനമണിപ്രവാളകൃതികളിലെ അച്ചീചരിതങ്ങളെ അവലംബമാക്കി മാത്രമാണ് ഇളംകുളം നിരീക്ഷിച്ചത്.

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി
(2) **കാര്യം** ശരി; **കാരണം** (b) മാത്രം ശരി
(3) **കാര്യം** ശരി; **കാരണം** (a) യും (b) യും ശരി
(4) **കാര്യം** ശരി; **കാരണങ്ങൾ** തെറ്റ്

95. ഓണത്തെക്കുറിച്ച് പരാമർശമുള്ള പ്രാചീനകൃതികൾ :
(1) ഉണ്ണുനീലിസന്ദേശം – അനന്തപുരവർണ്ണനം
(2) കോകസന്ദേശം – ഉണ്ണുനീലിസന്ദേശം
(3) അനന്തപുരവർണ്ണനം – വാസുദേവസ്തവം
(4) കോകസന്ദേശം – വാസുദേവസ്തവം

**താഴെ കൊടുത്തിരിക്കുന്ന ഉപന്യാസഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

റിയലിസം പാശ്ചാത്യസാഹിത്യത്തിൽനിന്ന് പിൻവാങ്ങിയതെങ്ങനെയെന്ന് വിവരിക്കുന്ന സന്ദർഭത്തിൽ കേസരി പ്രസ്ഥാനങ്ങളുടെ ചരിത്രാത്മകത സൂക്ഷ്മമായി വിവരിക്കുന്നുണ്ട്. ഒന്നാംലോകയുദ്ധത്തിന്റെ അവസാനം വരെ പാശ്ചാത്യകലയിൽ പൊന്തിച്ചുനിന്നിരുന്ന റിയലിസം, നേത്രഗോചരമായ ജീവിതാനുഭവങ്ങളെ സത്യമായി വിലയിരുത്തി, അതിനെ ശാസ്ത്രജ്ഞന്റേതുപോലെ സൂക്ഷ്മമായി വർണ്ണിക്കുകയായിരുന്നു. എന്നാൽ ഒന്നാം ലോകയുദ്ധത്തോടെ സത്യത്തിന്റെ അടിസ്ഥാനത്തെ സംബന്ധിച്ച് പുതിയ ബോധം രൂപമെടുക്കുകയും ശാസ്ത്രജ്ഞന്റെ സൂക്ഷ്മതയ്ക്കും സത്യത്തിനും തമ്മിൽ ഗാഢമായ അന്തരമുണ്ടെന്നുള്ള ധാരണ ബലപ്പെടുകയും ചെയ്തു. ഇതിനെത്തുടർന്ന് റിയലിസം അധഃപതിക്കുകയും എക്സ്പ്രഷനിസ്റ്റ് കലയും അതിന്റെ വകഭേദങ്ങളും പിറവിയെടുക്കുകയും ചെയ്തു. എക്സ്പ്രഷനിസത്തെക്കുറിച്ചുള്ള വിപുലമായ പഠനത്തിൽ (1939) കേസരി നടത്തുന്ന ഈ നിരീക്ഷണം റിയലിസത്തിൽനിന്ന് മോഡേണിസത്തിലേക്കുള്ള പാശ്ചാത്യകലയുടെ പരിവർത്തനങ്ങളെ വിശദീകരിക്കുന്ന സമകാലീനപഠനങ്ങളോട് ചേർന്നു നിൽക്കുന്ന ഒന്നാണ്. വിപണി, കുത്തക, ബഹുരാഷ്ട്രകുത്തക എന്നീ ഘട്ടങ്ങളിലൂടെ വളർന്ന മുതലാളിത്തത്തിന്റെ ആദ്യഘട്ടത്തിലെ കലാദർശനമായി റിയലിസത്തേയും കുത്തകകളെ കേന്ദ്രീകരിച്ചുള്ള രണ്ടാം ഘട്ടത്തിന്റെ കലാദർശനമായി മോഡേണിസത്തേയും ഫ്രഡറിക് ജെയിംസൺ ചൂണ്ടിക്കാട്ടിയ കാര്യം ഇവിടെ സംഗതമാണ്.

www.careerindia.com

CAREERINDIA

ഒരു കാലഘട്ടത്തിലെ കാവ്യഗതി രൂപപ്പെടുത്തുന്നതിൽ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആ കാലത്തിന്റെ ബോധത്തിന് വലിയ പങ്കുണ്ടെന്ന് കേസരി വിവരിച്ചിട്ടുണ്ട്. യാഥാർത്ഥ്യത്തെപ്പറ്റി നിലവിലിരിക്കുന്ന ആശയങ്ങൾ ചേർന്നാണ് കലയിലെ അനുഭവത്തെ സൃഷ്ടിക്കുന്നത്. ഈ ആശയങ്ങൾ കണിശമായും ചരിത്രപരവുമാണ്. ലോകം തന്നിലുളവാക്കുന്ന വികാരങ്ങളിൽ മാത്രം ശ്രദ്ധയൂന്നുകയും അതിനെ ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവനാണ് ആധുനികകവിയെന്നും അതുകൊണ്ടാണ് 'കല ആത്മാവിന്റെ ആവിഷ്ക്കാരമാണ് 'എന്ന് അയാൾ പറയുന്നതെന്നും കേസരി എഴുതുന്നു ('കലയും വൈരൂപ്യവും'). ആത്മാവിനെയും ആത്മാനുഭൂതിയെയും ഇപ്രകാരം ചരിത്രപരമായി വീക്ഷിക്കുകയും കലയിലെ സത്യം ചരിത്രപരമായി രൂപപ്പെട്ടുവന്ന ഒന്നാണെന്ന് മനസ്സിലാക്കുകയും ചെയ്തതു കൊണ്ട് കലയുടെ ലോകത്ത് ഒരാളുടെ പ്രപഞ്ചവ്യാഖ്യാനം മറ്റൊരാളുടേതിനേക്കാൾ വിലയേറിയതാണെന്ന് പറയാൻ കഴിയില്ലെന്ന് കേസരി തിരിച്ചറിഞ്ഞിരുന്നു. കലയിലെ ഉച്ചനീചത്വത്തെ തിരസ്കരിക്കുവാൻ ഈ ചരിത്രബോധം അദ്ദേഹത്തിന് സഹായകമായി. ഒരു കലയും മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമെന്ന് പറഞ്ഞുകൂടാ എന്നതാണ് സമകാലികാനുഭവത്തെ സംബന്ധിച്ചിടത്തോളം ശരിയായ വീക്ഷണമെന്ന് കേസരി പിന്നീട് എഴുതുകയും ചെയ്തു. ('സുന്ദരകല: പാശ്ചാത്യവും പൗരസ്ത്യവും')

റിയലിസ്റ്റ് നോവലിന്റെ വ്യാപ്തിയെ സംബന്ധിച്ചുള്ള കേസരിയുടെ ഇത്തരം നിഗമനങ്ങൾ പിൽക്കാലത്ത് റെയ്മണ്ട് വില്യംസ് റിയലിസത്തിനു നൽകിയ വ്യഖ്യാനത്തോട് ഒത്തുപോകുന്നതായി കാണാം. ലൂക്കാച്ചിനെപ്പോലുള്ളവർ നൽകിയ വിശദീകരണങ്ങളെ മറികടന്ന് റിയലിസ്റ്റ് നോവലിനെ പുതിയ ക്രമത്തിൽ (personal descriptive, personal formula, social descriptive, social formula) എന്നിങ്ങനെ അവതരിപ്പിക്കുകയാണ് റെയ്മണ്ട് വില്യംസ് ചെയ്യുന്നത്. ടോൾസ്റ്റോയിയേയും ദസ്തയേവ്സ്കിയെയും മാത്രമല്ല ജോയ്സിനെയും കാൽവിനോയെയും വരെ ഉൾക്കൊള്ളാൻ കഴിയുന്നത്ര അയവുള്ള അതിർവരമ്പുകളാണ് റെയ്മണ്ട് വില്യംസ് റിയലിസത്തിന് നൽകുന്നത്. സാമൂഹ്യാനുഭവങ്ങളുടെ ആകെത്തുകയിൽനിന്നും അമൂർത്തവൽക്കരിച്ചെടുക്കുന്ന ജീവിതക്രമത്തെ ഭാവിസമുദായത്തിന്റെ ചിത്രമായി അവതരിപ്പിക്കുന്ന social formula നോവലും (ഓർവെൽ, ഹക്സ്‌ലി), വ്യക്ത്യനുഭവത്തിന്റെ അമൂർത്തവൽക്കരണംവഴി രൂപമെടുക്കുന്ന personal formula നോവലും (ജോയ്സ്) റിയലിസത്തിന്റെ പുതിയ മാതൃകകൾ തന്നെയാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. റിയലിസത്തിന്റെ അടിസ്ഥാനസ്വഭാവങ്ങൾ എണ്ണിപ്പറയുകയും എക്സിബിഷനിസത്തെയും സാഡിസത്തെയും വിഷാദാത്മകത്വത്തെയും ഏറിയ തത്ത്വഭ്രമത്തെയും അതിലുൾപ്പെടുത്തുകയും ചെയ്ത കേസരിക്ക് യാഥാർത്ഥ്യം കലയിൽ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്നതിനെ സംബന്ധിച്ച് തന്റെ സമകാലികനായ ഒരു മലയാളിനിരൂപകനുമില്ലാത്ത തിരിച്ചറിവുണ്ടായിരുന്നു.

ചങ്ങമ്പുഴയുടെ തത്ത്വശാസ്ത്രത്തെക്കുറിച്ചുള്ള കേസരിയുടെ പ്രസിദ്ധമായ നിരീക്ഷണം അദ്ദേഹത്തിന്റെ റിയലിസ്റ്റ് സങ്കല്പത്തെക്കുറിച്ചുള്ള ചർച്ചയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 1948 -ൽ ചങ്ങമ്പുഴ മരണമടഞ്ഞതിനു പിന്നാലെ പ്രസിദ്ധീകരിച്ച ലേഖനത്തിലാണ് 'ഓരോരുത്തനും അവനവനിലെ കഴിവിനനുസരിച്ച് വികസിക്കുവാൻ ഇന്നത്തെ സമുദായം അനുവദിക്കുന്നില്ല എന്നതാണ് ചങ്ങമ്പുഴയുടെ തത്ത്വശാസ്ത്രം' എന്ന് കേസരി എഴുതിയത് .

ജീവിതാനുഭവങ്ങൾ നൽകുന്ന വൈവിധ്യബോധം ലഘുവായ പുറംകാഴ്ചകളുടെ ഫലമാണെന്നും, ബാഹ്യമായ ഈ ബഹുരൂപതയെ നിരാകരിച്ച് ആന്തരികമായ ഏകാത്മകതയിലേക്ക് വ്യക്തികളുടെ ലോകബോധത്തെ പ്രത്യാനയിക്കുന്ന ഏകീകൃതമായ ആശയസമുച്ചയമാണ് തത്ത്വചിന്തയെന്നുമുള്ള വീക്ഷണം അരങ്ങുവാഴുമ്പോഴാണ് കേസരി തത്ത്വശാസ്ത്രത്തെ ജീവിതാനുഭവങ്ങളുടെ ഇളകുന്ന അടിത്തറയിലേക്ക് മാറ്റിപ്രതിഷ്ഠിച്ചത്. ജീവിതാനുഭവങ്ങളെയപ്പാടെ വ്യഖ്യാനിക്കുവാൻ കെല്പുള്ള സനാതനസത്യത്തിന്റെ പദവിയിൽ നിന്ന് തത്ത്വശാസ്ത്രം എന്ന സംവർഗ്ഗത്തെ പുറംതള്ളുകയാണ് കേസരി ഇതിലൂടെ ചെയ്തത്. ദൈവവിജ്ഞാന (theology) ത്തിനും ശാസ്ത്ര (science) ത്തിനും ഇടയ്ക്കുള്ള ഒരു മാദ്ധ്യസ്ഥമായി ബർട്രാന്റ് റസ്സൽ തത്ത്വശാസ്ത്രത്തിന്റെ ഭദ്രതയെ പറഞ്ഞുറപ്പിച്ചത് 1946 -ലാണെന്ന (History of Western Philosophy) വസ്തുതയുടെ പശ്ചാത്തലത്തിൽ നിന്ന് നോക്കിക്കാണുമ്പോഴാണ് കേസരി നടത്തിയ ഈ ഇളക്കിപ്രതിഷ്ഠയുടെ വ്യാപ്തി തിരിച്ചറിയാനാവുക. സത്യത്തെ രൂപകങ്ങളുടെ പടനീക്കമെന്ന് (moving army of metaphors) വിശേഷിപ്പിച്ച നിഷേയുടെ ലോകത്തേക്കാണ് റസ്സലിന്റെ ഭദ്രലോകത്തേക്കല്ല, കേസരിയുടെ ആടിയുലയുന്ന തത്ത്വവിജ്ഞാനത്തിന്റെ വഴികൾ നീണ്ടുചെല്ലുന്നത്. തത്ത്വശാസ്ത്രത്തിന്റെ ഇളകുന്ന അടിത്തറയെ സാമൂഹ്യജീവിതസന്ദർഭങ്ങളോട് ചേർത്തുവച്ചതിലൂടെയാണ്, കേസരി അതിനെ പരാജയപ്രസ്ഥാനത്തിന്റെ ലോകബോധവുമായിഘടിപ്പിച്ചത്. ''സമുദായവും അതിലെ സമസ്തസ്ഥാപനങ്ങളും ഇന്ന് ജീർണ്ണിച്ചുപോയിരിക്കുന്നു എന്നും, ഈ സമുദായം ഓരോ വ്യക്തിയെയും മഹാപീഡ ഏല്പിച്ചുവരുന്നു എന്നും സമുദായത്തെ ധരിപ്പിച്ച് അതിനെ പരിവർത്തനോന്മുഖമാക്കലാണ് പരാജയപ്രസ്ഥാനത്തിന്റെ ആദർശം'' എന്ന് കേസരി എഴുതി (സ്പന്ദിക്കുന്ന അസ്ഥിമാടം: മുഖവുര). ഈ ജീർണ്ണതയുടെ ഫലമായി സംഭവിക്കുന്ന സ്വത്വനാശത്തിൽനിന്നാണ് പരാജയപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളായി കേസരി എണ്ണിപ്പറയുന്ന സവിശേഷതകൾ പിറവിയെടുക്കുന്നത്. വ്യക്തിയുടെ കഴിവുകൾക്ക് അതിരില്ലെന്ന വിശ്വാസം, താൻ സ്നേഹിക്കുന്ന അന്യന് തന്റെ മനസ്ഥിതി തുറന്നുകാട്ടി-ക്കൊടുക്കുന്നതിൽ പ്രത്യേക സന്തോഷം, ഏകരൂപമായ അന്തരീക്ഷംകൊണ്ട് കൃതിയുടെ അംഗോപാംഗഘടന നിർമ്മിക്കുവാനുള്ള ശ്രമം, ഈഗോ (അഹംബോധം) സൂപ്പർ ഈഗോ (മനഃസാക്ഷി, മതവിശ്വാസം, സന്മാർഗ്ഗബോധം) യ്ക്കും, ഇദ്ദ് (ഉപബോധമനസ്സിന്റെ അടിത്തട്ട്) -നും കീഴടങ്ങാതെ റിയാലിറ്റി(പരിതസ്ഥിതി)ക്ക് കീഴടങ്ങുന്ന പ്രവണത, സാർവ്വദേശീയ മനസ്ഥിതി, വിഷാദാത്മകത്വം, സമുദായജീർണ്ണിപ്പ് എന്ന തത്ത്വത്തിലുള്ള ഭ്രമം, കരുണം, ബീഭത്സം, ആക്ഷേപഹാസ്യം എന്നീ രസങ്ങൾക്ക് ലഭിക്കുന്ന പ്രാമുഖ്യം തുടങ്ങിയവയെല്ലാം ഇങ്ങനെ പരാജയപ്രസ്ഥാനത്തിന്റെ പൊതുസ്വഭാവങ്ങളായിത്തീരുന്നു. സാഹിത്യപ്രസ്ഥാന-ങ്ങളെയെന്നപോലെ തത്ത്വശാസ്ത്രത്തെയും ചരിത്രാത്മകമാക്കുന്ന ഇത്തരമൊരു കാഴ്ചയിലൂടെ വിദേശഭ്രമക്കാരനും കാല്പനികവ്യാമോഹങ്ങളുടെ പാട്ടുകാരനുമായി വിമർശിക്കപ്പെട്ടുപോന്ന ചങ്ങമ്പുഴയെ കേസരി പരാജയപ്രസ്ഥാനത്തിന്റെ സ്ഥാപകനായി അവതരിപ്പിച്ചു. ചങ്ങമ്പുഴയുടെ കാവ്യജീവിതത്തെക്കുറിച്ചുള്ള കേരളീയസമൂഹത്തിന്റെ കാഴ്ചയെ മാത്രമല്ല സാഹിത്യമെന്ന ഭാഷാനിർമ്മതിയിൽ യാഥാർത്ഥ്യം കൈവരിക്കുന്ന പ്രതിനിധാനങ്ങളെക്കുറിച്ചുള്ള ധാരണകളെയും അടിമുടി തിരുത്തുവാൻ പര്യാപ്തമായിരുന്നു കേസരിയുടെ ഈ കണ്ടെത്തൽ.

www.careerindia.com

CAREERINDIA

**96.** ഒരു കാലഘട്ടത്തിലെ കാവ്യഗതി നിരൂപപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ടെന്ന് കേസരി നിരീക്ഷിക്കുന്നത് :

(1) ചരിത്രബോധം

(2) പൂർവ്വകാവ്യസംസ്കാരം

(3) യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആ കാലത്തിന്റെ ബോധം

(4) വൈയക്തികാനുഭവങ്ങളുടെ ഊർജ്ജം

**97.** **കാര്യം :** യാഥാർഥ്യം കലയിൽ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്നതിനെ സംബന്ധിച്ച് തന്റെ സമകാലികരായ ഒരു മലയാള നിരൂപകനുമില്ലാത്ത തിരിച്ചറിവ് കേസരിക്കുണ്ടായിരുന്നു.

**കാരണം :** (a) കലയിലെ റിയലിസത്തെ കേസരി പൂർണ്ണമായി നിഷേധിച്ചു.

(b) അയഥാർഥ സങ്കല്പനങ്ങളിൽ നിന്നാണ് കല ജനിക്കുന്നതെന്ന് കേസരി സിദ്ധാന്തിച്ചു.

(c) റിയലിസത്തിന്റെ അടിസ്ഥാന സ്വഭാവങ്ങൾ എണ്ണിപ്പറയുകയും , വിഷാദാത്മകത്വത്തേയും, ഏറിയ തത്ത്വഭ്രമത്തേയും, എക്സിബിഷ-നിസത്തേയും, സാഡിസത്തേയും കേസരി അതിലുൾപ്പെടുത്തുകയും ചെയ്തു

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി; **കാരണം** (b) മാത്രം ശരി

(3) **കാര്യം** ശരി; **കാരണം** (b) യും (c) യും ശരി

(4) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി

**98.** ചങ്ങമ്പുഴയുടെ തത്ത്വശാസ്ത്രത്തെ കേസരി എങ്ങനെ നിരീക്ഷിച്ചു ?

(1) വ്യക്തമായ സാമൂഹിക പ്രതിബദ്ധത

(2) ഭ്രമാത്മക ദർശനം

(3) എക്സിബിഷനിസം

(4) ഓരോരുത്തനും അവനവനിലെ കഴിവനുസരിച്ചു വികസിക്കുവാൻ ഇന്നത്തെ സമുദായം അനുവദിക്കുന്നില്ല എന്നത്.

www.careerindia.com

CAREERINDIA

**99.** **കാര്യം :** ചങ്ങമ്പുഴയുടെ കാവ്യജീവിതത്തെക്കുറിച്ചുള്ള കേരളീയ സമൂഹത്തിന്റെ കാഴ്ചയെ മാത്രമല്ല, സാഹിത്യമെന്ന ഭാഷാനിർമ്മിതിയിൽ യാഥാർഥ്യം കൈവരിക്കുന്ന പ്രതിനിധാനങ്ങളെക്കുറിച്ചുള്ള ധാരണകളും കേസരി തിരുത്തി.

**കാരണം :** (a) ചങ്ങമ്പുഴയെ കേസരി പരാജയപ്രസ്ഥാനത്തിന്റെ സ്ഥാപകനായി അവതരിപ്പിച്ചു.

(b) ചങ്ങമ്പുഴക്കവിതയിലെ വൈദേശിക കാവ്യസ്വാധീനം ആദ്യമായി വെളിവാക്കി.

(c) ചങ്ങമ്പുഴക്കവിതയിലെ ആത്മീയ അന്തർധാരകൾ കണ്ടെത്തി.

(1) **കാര്യം** ശരി; **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി; **കാരണം** (b) യും (c) യും ശരി

(3) **കാര്യം** ശരി; **കാരണം** (c) മാത്രം ശരി

(4) **കാര്യം** ശരി; **കാരണം** (b) മാത്രം ശരി

**100.** റിയലിസ്റ്റ് നോവലിനെ റെയ്മണ്ട് വില്യംസ് അവതരിപ്പിച്ച പുതിയ ക്രമം :

(a) Personal Descriptive – Personal Formula

(b) Intellectual Descriptive – Intellectual Formula

(c) Naturalistic Descriptive – Formal Descriptive

(d) Social Descriptive – Social Formula

(1) (a) മാത്രം ശരി

(2) (b) മാത്രംശരി

(3) (c) മാത്രം ശരി

(4) (a) യും (d) യും ശരി

- o 0 o -

www.careerindia.com

**Space For Rough Work**

www.careerindia.com

**Space For Rough Work**

www.careerindia.com